"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ലീഗൽ മെട്രോളജി വകുപ്പിന് കീഴിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന ഗോൾഡ് അസ്സെയിംഗ് ആന്റ് ടെസ്റ്റിംഗ് ലബോറട്ടറിയെ (GATL) ഓഫീസ് ഓഫ് ദ അസ്സെയ് മാസ്റ്റർ, ഗോൾഡ് അസ്സെയിംഗ് ആന്റ് ടെസ്റ്റിംഗ് ലാബ് എന്ന പേരിൽ പ്രത്യേക ഓഫീസാക്കിയും, നിലവിൽ പ്രവർത്തിക്കും പ്രകാരം എറണാകുളം സെൻട്രൽ ലാബിന്റെ എസ്റ്റാബ്ലിഷ്മെന്റിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.24/2024/CAD തീയതി,തിരുവനന്തപുരം, 26-07-2024

---

പരാമർശം:- ലീഗൽമെട്രോളജി കൺട്രോളറുടെ 14-02-2023, 24-01-2024 തീയതികളിലെ LMD-HQ/4506/2021-A1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ലീഗൽമെട്രോളജി വകുപ്പിന് കീഴിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന ഗോൾഡ് അസ്സെയിംഗ് ആന്റ് ടെസ്റ്റിംഗ് ലബോറട്ടറിയെ (GATL) ഇ-ട്രഷറി സേവനങ്ങൾക്കാവശ്യമായ User Name, Password എന്നിവ അനുവദിക്കുന്നതിനായി ഓഫീസ് ഓഫ് ദ അസ്സെയ് മാസ്റ്റർ, ഗോൾഡ് അസ്സെയിംഗ് ആന്റ് ടെസ്റ്റിംഗ് ലാബ് എന്ന പേരിൽ പ്രത്യേക ഓഫീസാക്കി ഉത്തരവാകണമെന്ന് പരാമർശം പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽ മെട്രോളജി വകുപ്പിന് കീഴിലുള്ള എറണാകുളം ഗോൾഡ് അസ്സെയിംഗ് ആന്റ് ടെസ്റ്റിംഗ് ലബോറട്ടറിയെ (GATL) ഇ-ട്രഷറി സേവനങ്ങൾക്കാവശ്യമായ User Name, Password എന്നിവ അനുവദിക്കുന്നതിലേക്കായി ഓഫീസ് ഓഫ് ദ അസ്സെയ് മാസ്റ്റർ, ഗോൾഡ് അസ്സെയിംഗ് ആന്റ് ടെസ്റ്റിംഗ് ലാബ് എന്ന പേരിൽ ഒരു പ്രത്യേക ഓഫീസാക്കിയും, ടി ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന പ്രകാരം എറണാകുളം സെൻട്രൽ ലാബിന്റെ എസ്റ്റാബ്ലിഷ്മെന്റിൽ തുടരുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

3) ഓഫീസ് ഓഫ് ദ അസ്സെയ് മാസ്റ്റർ, ഗോൾഡ് അസ്സെയിംഗ് ആന്റ് ടെസ്റ്റിംഗ് ലാബിനെ പുതിയ ഓഫീസാക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ തസ്തിക സൃഷ്ടിക്കുവാനോ, സർക്കാരിന് ഇപ്പോഴും ഭാവിയിലും ഇതുമായി ബന്ധപ്പെട്ട് ഒരു തരത്തിലുമുള്ള അധിക സാമ്പത്തിക ബാദ്ധ്യതയോ ഉണ്ടാകുവാനോ പാടില്ല എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീന.എ.എൻ
ജോയിന്റ് സെക്രട്ടറി

ലീഗൽ മെട്രോളജി കൺട്രോളർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം.
വെബ് & ന്യൂമീഡിയ വിംഗ്, ഐ&പി.ആർ.ഡി.

ധനകാര്യ വകുപ്പ് (21/7/2023 ലെ 2373712/Agri-B1/90/2023-Fin പ്രകാരം)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(നം.സിഎ4/22/2023-സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ